# "ആത്മാവിന്റെ രാഗം"

( കെ. പി. അബ്ദുള്ള )

ആത്മാവിലാഘാതമേററപ്പോൾ
ആത്മസുഹൃത്തെ തളർന്നുപോയ്.
ചെഞ്ചുണ്ടിൽ പുഞ്ചിരിമാഞ്ഞപ്പോൾ
ചാഞ്ചാടിയെൻ ചിത്തം മഞ്ചൽപോൽ.
സ്നേഹസ്വപ്നങ്ങൾ തൻ ഹൃത്തടം
സ്നേഹഭംഗത്താൽ തകർന്നുപോയ്.
വാടിയ റോസാപ്പൂ നിൻമുഖം,
കോടിയുടുത്ത കവിളിണ.
പൂഞ്ചോലപുൽകിയ ശീതള—
മാഞ്ചോട്ടിൽ മാതളമാധുര്യം;
മാറിൽ കയറാൻ നീ പോയപ്പോൾ,
മാവേലി മന്നന്റെ മാനസം—
അമ്പിളിക്കൊത്തൊരു മാമ്പഴ—
മിന്നമായേകി നമുക്കപ്പോൾ.

*　　*　　*　　*　　*　　*

'ഓർക്കുക തന്നുടെ യൗവനം,
ഓടക്കുഴൽനാദം മീട്ടിയേ'!

# നക്ഷത്രങ്ങളിൽ രക്തം

സി. കെ. ആനന്ദ്, (II M. A. English)

വീണ്ടും വിടലമെന്നാത്മലതികയിൽ
ഞാനറിയാതെ നിറക്കുന്നിതോർമ്മകൾ
വർണ്ണങ്ങളില്ലാത്ത നാളെതൻ സ്വപ്നങ്ങ–
ളെന്നുള്ളിൽ രാഗമധുരം വിടരവേ,
വന്നു നിൽക്കുന്നു വേപിതാംഗിയായ്
തമസ്സിന്റെ കന്യക; കേൾക്കുന്നു നിശ്വാസവും
ഞാനൊരു ജ്ഞാനത്തിന്റെ കാമുക —
നെൻ മാനസം സത്തയെത്തേടിത്തേടിയെങ്ങുമേയലയുന്നു.
തൊട്ടു മറക്കുന്ന നിൻശരമാരിയാൽ
ചത്തിതാ കിടക്കുന്നു നക്തം.
ശാന്തസുന്ദരം വ്യോമ മണ്ഡലം വിളക്കുന്ന
താരകൾപോലും രക്തം ചൊരിയുന്നഹോ കഷ്ടം
അകലെ രണഭൂവിലെരിയുന്നാശാനാളം
അലമാലകൾ, കടലലറിക്കുതിക്കുന്നു.
ക്രൂരമാമിരുട്ടിന്റെ നിഷ്ഠുരയവനിക.
ഉത്തരം കണ്ടെത്തുവാൻ വയ്യാത്ത ചോദ്യങ്ങളെ—
ന്നുൾത്താരിലുയരുന്നു മായുന്നു വീണ്ടും വീണ്ടും.
സ്വർഗ്ഗവും നരകവും ദൈവവും ചെകുത്താനു–
മേതോ കിനാവിന്റെ ദീപ്തി പ്രപഞ്ചമോ?
ഈശ്വരൻ പറഞ്ഞിട്ടു സൃഷ്ടമായിതോ വിശ്വം
ഈശ്വരനദൃശ്യനായ് സ്ഥൂലമായിതോ സൃഷ്ടി?
[ആരുമറിയാതെയേതോ നിഗൂഢമാം
ശാസ്ത്രനിയമങ്ങളോരോ നിമിഷവും
ഓർത്തു കറങ്ങുന്നു ഭൂമിയവിരാമം ! ]
കാലമരുളുന്ന വെൺ മണൽത്തിട്ടമേൽ
നൃത്തം ചവിട്ടാൻ ചിലങ്കയണിയവേ,
നാണിച്ചു നാണിച്ചൊരോമൽച്ചിരിയുമായ്
സ്പന്ദിച്ചു മോഹശതങ്ങൾ നിറക്കവേ,
നമ്മുടെയുള്ളിന്റെയുള്ളിൽ തിളങ്ങുന്ന
നല്ല വെളിച്ചം മറക്കുന്നതെന്തിനോ?

ജീവിതം ഒരു വെറും പാട്ടല്ല മൂളിപ്പാടാൻ
ജീവിതം ഒരു വെറും പൂവല്ല പിച്ചിച്ചൂടാൻ.

..........................................................................................................................

..........................................................................................................................

വന്നു നില്ക്കുന്നു വേപിതാംഗിയായ് തമസ്സിന്റെ
കന്യക; കേൾക്കുന്നു ഞാനവൾതൻ നിശ്വാസവും.
ദാഹിക്കുന്നിറ്റു നീർതരൂ, വേഗം വേണം,
വെള്ളമല്ലല്ലോയിതു, രക്തമോ ! കഷ്ടം, പാപി.
ആയത മിഴികളിൽ വിശ്വചേതന മൂകം
ശാശ്വത കർമ്മത്തിന്റെ ശവമഞ്ചവും പേറി
ഇത്രമേൽ ഭ്രഷ്ടചിത്തയാക്കിയതാരാണു, നിൻ —
തോഴരോ, ചെകുത്താനോ, നാകമോ നരകമോ ?
എൻ ദുഃഖതമസ്സേയെൻ ചേതന മറയുന്നു
‘‘വായുവിൽ ലയിക്കട്ടെ’ വല്ല ചേതവുമുണ്ടോ’’?

# ഓർമ്മകളെ, മുക്തിനൽകൂ!

( ഹമീദ് ചേന്ദമംഗല്ലൂർ, III B. A. )

വാരുററ വസന്തപൗർണ്ണമിനാളുകൾ പിന്നെയെത്ര കൊഴിഞ്ഞുവീണു;
കറുത്തിരുണ്ട കങ്കാളമേഘങ്ങൾ പിന്നെയെത്ര പെയ്തുതോർന്നു;
പ്രശാന്തപ്രഹർഷങ്ങളായ മഹാനദികൾ പിന്നീടെത്ര പ്രകോപനംകൊണ്ടു;
പ്രദീപ്തസുന്ദരങ്ങളായ പ്രസൂനങ്ങൾ പിന്നീടെത്ര നിലംപതിച്ചു!

എന്നിട്ടും,
അണുമാത്രം സംഭവിച്ചില്ല;
നിന്നെക്കുറിച്ചുള്ള ഓർമ്മകൾ എന്നെ വിട്ടുപിരിഞ്ഞില്ല.
ആത്മാവിന്റെ അൾത്താരയിൽ,
ഹൃദയത്തിന്റെ ശ്രീകോവിലിൽ,
മനോമണ്ഡപത്തിന്റെ മട്ടുപ്പാവിൽ
ഇന്നും അവശേഷിക്കുകയാണ്;
ഒരിക്കൽ തെഴുക്കുകയും പൂക്കുകയും, ഒടുവിൽ ഓടയിൽ ഒടിഞ്ഞുവീഴുകയും
ചെയ്ത മോഹവല്ലികൾ!
നിന്നെ ചൂഴ്ന്ന്, നിന്റെ ഹൃദയത്തെ ചൂഴ്ന്ന്, നിന്റെ മുഖപത്മത്തെ ചൂഴ്ന്ന്
ഞാൻ മെനെഞ്ഞെടുത്ത മോഹനസ്വപ്നങ്ങൾ!
മാധുര്യനിർഭരമായ മാദകാഭിലാഷങ്ങൾ!

പക്ഷേ,

ഇന്നെനിക്കു ഭയമാണ്,
ആ സ്മരണയുടെ ഓളങ്ങളിൽ ഒഴുകിനടക്കാൻ,
ആ കിനാവുകളുടെ പടവുകളിലിറങ്ങി നിൽക്കാൻ.
ഭ്രാന്തുപിടിപ്പിക്കുന്ന, കണ്ണുനിറഞ്ഞ, കറുപ്പു പടർന്ന
ആ സ്മരണകൾ, ഇന്നെനിക്കൊരു പേക്കിനാവാണ്.
ഓർമ്മകളേ, ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ഓർമ്മകളേ,
എന്നെ വിട്ടു, എനിക്കു മുക്തി നൽകൂ!

കലാലയത്തിന്റെ കല്പടവുകളിൽ
കവിത തുളുമ്പുന്ന കാലടികളുമായി
എന്നു നീ കയറിവന്നുവോ,
അന്ന്:
ആരുമറിയാതെ നീയൊന്നപഹരിച്ചു;
വിശുദ്ധ സ്നേഹത്തിന്റെ വെണ്മയാർന്ന പൂത്തിരികൾ കത്തിച്ചുവെച്ചൊരു ഹൃദയം.
ആരുമറിയാതെ ഞാൻ നിനക്കൊന്നു സമ്മാനിച്ചു;
ഉത്തമമായ, ഉദാത്തമായ, ഉൾപ്രഭയേറിയ സ്നേഹത്തിന്റെ ഒരക്ഷയപാത്രം.

ചെമ്പനിനീരിന്റെ ശോണിമയും
മുല്ലപ്പൂവിന്റെ മാദകസൗരഭ്യവും
സമ്മിളിതമായ നിന്റെ കോമളമേനിയിൽ
ഊറിയൂറി ദൃഷ്ടികളയക്കുമ്പോൾ—
ഇന്നെങ്കിലും തുറന്നു പറഞ്ഞുകൊള്ളട്ടെ—
ഒരിയ്ക്കലുമീ ദ്രഷ്ടാവു മൃഗതൃഷ്ണകൊണ്ടിരുന്നില്ല,
ഒരിയ്ക്കലുമെന്റെ വികാരം കാട്ടുകയറിയിരുന്നില്ല,
ഒരിയ്ക്കലും ഞാൻ എന്നെത്തന്നെ വിസ്മരിച്ചിരുന്നില്ല.

ചെമ്മണ്ണുവിരിച്ച പാതയിലൂടെ,
നീണ്ട ചവോക്കുകളുടെ നിഴലിലൂടെ,
സുന്ദരമായൊരു ഗാനംപോലെ, മനോഹരമായ ഒരു കാവ്യംപോലെ
അന്നു നീ പാറിപ്പറന്നു പോകുമ്പോൾ
ദുർബ്ബലമായ എന്റെ ഹൃദയം ദുർല്ലഭ്യമായൊരു ജീവിതം കിനാവുകണ്ടു.

ഇന്ന്,
പാഴ്സ്വപ്നങ്ങളുടെ പട്ടടയ്ക്കുമുമ്പിൽ
നിരുദ്ധകണ്ഠനായി നിലകൊള്ളുമ്പോൾ,
കോളും കൊടുങ്കാറ്റുമല്ലാതെ മറ്റൊന്നുമായിട്ടില്ലാത്ത ഞാൻ,
നാശവും നഷ്ടവുമല്ലാതെ മറ്റൊന്നുമനുഭവിച്ചിട്ടില്ലാത്ത ഞാൻ
അഭിലഷിച്ചു പോവുകയാണ്, അഭ്യർത്ഥിച്ചു പോവുകയാണ്;
ഓർമ്മകളേ, ആത്മാവിൽ അഗ്നിവൃഷ്ടി നടത്തുന്ന ഓർമ്മകളേ,
എന്നെ വിട്ടു, എനിയ്ക്ക് മുക്തി നൽകൂ!

മന്ദസീമരന്റെ മന്ദഹാസവും
മരതകപ്പച്ചയുടെ മനോരമ്യതയും
കൈമുതലായുള്ള നീ എന്റെ ആത്മലാവണ്യമായിരുന്നു;
എന്റെ ഹൃദയമണ്ഡപത്തിലെ കെടാവിളക്കായിരുന്നു.
നിന്റെ മധുരവാണികൾ, നിന്റെ മധുരകടാക്ഷങ്ങൾ
എനിയ്ക്കൊരു നവചൈതന്യമരുളി; എനിയ്ക്കൊരു നവജീവിതമേകി.

കലാലയ ജീവിതത്തിന്റെ കാല്പനികതകളിൽ
ഞാൻ വിസ്തൃതമായൊരു സാമ്രാജ്യമാരചിച്ചു;
പ്രേമസംഗീതത്തിന്റെ സ്നേഹഗംഗയൊഴുകിയ സാമ്രാജ്യം;
ഹൃദയലാവണ്യത്തിന്റെ രജതദീപങ്ങൾ കത്തിച്ചുവെച്ച സാമ്രാജ്യം;
ആത്മചേതനയുടെ അമൃത്തരേണുക്കൾ ഒളിവിതറിയ സാമ്രാജ്യം.

എന്നാൽ,

തിരമാലകളുടെ,
തീക്കാറ്റുകളുടെ,
തീമഴകളുടെ
തീരാക്ഷോഭത്തിനു പാത്രീഭവിച്ച ആ സാമ്രാജ്യം
ഇന്നു നാമാവശേഷമാണ്.
നിരുപമസ്നേഹത്തിന്റെ വേണുഗാനമാലപിച്ചു,

നിഷ്കളങ്കപ്രേമത്തിന്റെ മുരളീഗീതം പ്രതിധ്വനിച്ച
ആ സാമ്രാജ്യത്തിന്റെ ശവക്കുഴിയാണിവിടം.
വീണ്ടുമൊരിക്കലുമുയിർത്തെഴുന്നേൽക്കാത്ത
ആമൃതസാമ്രാജ്യത്തിന്റെ വിഴുപ്പുഭാണ്ഡവുമായി
വിലക്ഷ്യനായി അലഞ്ഞുഴലുമ്പോൾ
അന്തരാത്മാവുൽക്കടമായി ആഗ്രഹിക്കുന്നു;
സമസ്തവും വിസ്മരിക്കാൻ . . . . . സമസ്തവും.
നൊമ്പരപ്പെടുത്തുന്ന സ്മരണകൾ, പക്ഷേ,
ശവം തീനിപ്പട്ടികളെപ്പോലെ,
ചോരകുടിയൻ പുലികളെപ്പോലെ
പുറകെ പിന്തുടരുന്നു, പിടിവിടാതെ.

തോൽവിയുടെ തുറമുഖത്ത് നങ്കൂരമില്ലാതെ,
പരാജയത്തിന്റെ പെരുവഴിയിൽ തണൽമരങ്ങളില്ലാതെ,
തലയ്ക്കുമീതെ വിണ്ണും തലയ്ക്കുതാഴെ മണ്ണുമായി
ചിറകിട്ടടിക്കുമ്പോൾ കൊതിച്ചുപോകുന്നു;
ഓർമ്മകളേ, കരളിൽ കരാളനൃത്തം ചവിട്ടുന്ന ഓർമ്മകളേ,
എന്നെ വിട്ടു, എനിക്കു മുക്തിനൽകൂ!

# പൂങ്കുയിൽ

കെ. ഗോപാലൻ, ചേനോളി (P. 3)

പ്രാണിസമൂഹം പാറിനടക്കും
നീലാകാശവിതാനത്തിൽ
കോമളവേണുവുമേന്തിനടക്കും
കുയിലേ, അരികിൽ വരില്ലേ നീ?

നീലിമതിരളും കാട്ടിലിരുന്നി
ട്ടാരുടെ പാട്ടുകളും പാടുന്നു!
കാമിനിമാരുടെ ചികുരംവെല്ലും
കാളിമയേന്തും ചിറകുകളും

സുന്ദരിമാരുടെ നെററിയിൽ മിന്നും–
സിന്ദൂരച്ചെറുതിലകംപോൽ
അരുണിമയേന്തിയ കൺകളുമോമൽ
സ്വരരാഗോജ്ജ്വല ഹൃദയവുമായ്
വിശ്രബ്ധതയിൽ നിർവൃതിപകരും
നിന്നുടെ മുരളികവിജയിപ്പൂ!

കണ്ടാലഴകില്ലെങ്കിലുമാളെ
കണ്ണുമതിക്കും കളഗീതം
കവിത കുറിക്കാൻ ചോദനയേകും
കേവലനാമൊരു പാമരനും!

ഋതുമധുമാസവസന്ത നിലാവിൽ
നീയില്ലെങ്കിൽ തേന്മാവിൽ
എങ്ങനെ ധന്യതതികയും മന്നിൻ
പൊന്നേ, കാതിനു കുളിരല നീ!

# "സ്വർഗ്ഗം നാണിക്കുന്നു"

(നാരായണൻ, ടി. III B. Sc.)

[ശാസ്ത്രസിദ്ധികളുടെ നൈലോൺവലകളിൽ 'സ്വർഗ്ഗ'ത്തെ കോരിയെടുക്കാൻ തുനിയുന്ന മനുഷ്യന്റെ, അപരിമേയമായ സർഗ്ഗചേതനയുടെ, തൊപ്പിയിൽ ഒരു തൂവൽ തിരുകുകയാണ് ഈ കവിതയിലൂടെ കവി ചെയ്യാനുദ്ദേശിക്കുന്നതു്. പുരാണപരമായ ഒരു പരിവേഷത്തിനുള്ളിൽ ഈ ആശയത്തെ വിരിയിച്ചെടുക്കാൻ ചില പുതിയ ഘടകങ്ങൾ ഇതിന്റെ രചനയിൽ തിരുകിക്കയററിയിട്ടുണ്ടു്.]

വാനിൽ നടതുറന്നാരണ്യകർ, ജപ–
മാലയുമായ് നോക്കിനിന്നു
പൂവും പ്രസാദവുമായ് ദേവകന്യക–
ളേഴാം നിലയിൽ നിരന്നു
പൂജാമുറിയിലെ ഹോമകുണ്ഡത്തിൽ നി–
ന്നൂന്നിറങ്ങി ധൂമപംക്തി
എന്തൊരിരമ്പം, [കലമ്പൽ കൂട്ടം മേഘ–
സഞ്ചയമെന്തേ, നടുങ്ങാൻ.]

* * * * * *

[താഴെ മണ്ണിൽ അവർ കണ്ടതു്, സമരസന്നാഹത്തിന്റെ ഭീതിദമായ കാഴ്ചകളായിരുന്നു. ഇനിയൊരു "കുരുക്ഷേത്രം" കൂടി മണ്ണിൽ ആവർത്തിക്കപ്പെടാതിരിക്കാനായി അവർ ഉള്ളുരുകി പ്രാർത്ഥിച്ചു; വില്ലാളിയായ അർജ്ജുനനോടും സാരഥിയായ ശ്രീകൃഷ്ണനോടും അവർ, വരാതിരിക്കാനായി കിണഞ്ഞു കെഞ്ചി . . . ]

ഇങ്ങുമഹീതല വൃന്ദാവനിയിൽ
കണ്ടു വാനാവരമ്പും വില്ലും
അടന്നടിഞ്ഞ, കടമ്പിൻ പൂവുകൾ
ഐശ്വര്യങ്ങൾ കാളിന്ദികളിൽ
"അണയരുതേ നീ വിജയാ", കേണവ–
രാലുവിളക്കിൽ നെയ്ത്തിരി നീട്ടി.
"തേങ്ങിയുറങ്ങിയുണർന്നലയും പൊൻ–
മുരളീനാദ വിലോലാ പോകൂ".

* * * * * *

[പക്ഷെ . . . അവയെല്ലാം പാഴ്‌വേലകളായിക്കലാശിച്ചു. മനുഷ്യർ തമ്മിൽത്തല്ലി; ചോരപ്പുഴകളൊഴുക്കി . . . ]

വിണ്ണിൻ മണൽത്തിട്ടിലന്നവർ, ദേവകൾ
കാർമുകിലാടകൾ ഞാത്തി
താഴെ രണാങ്കണവേദിയിൽ, വേദന
വേദേതിഹാസം രചിച്ചു
കാററിൻ പിടിയിലമർന്നു്, നിണം ഉപ്പി–
കാട്ടുപൂ നിന്നുവിറച്ചു
ഏങ്ങിധനഞ്ജയൻ തൻ ശരശയ്യയിൽ,
വിങ്ങിവിതുമ്പീ ദിഗന്തം.

* * * * * *

[എങ്കിലും . . . അവർ പ്രതീക്ഷ കൈവെടിഞ്ഞില്ല. മണ്ണിലെ മനുഷ്യനെ ഉപദേശിച്ചു നന്നാക്കാനൊരവസരത്തിന്നായി അവർ കാത്തു് കാത്തിരുന്നു . . . യാഗം നടത്തി . . . ]

മാനംമിഴികൾ തുറക്കും മുമ്പവ–
രാലസ്യത്തിൻ കടവുകൾ താണ്ടി
ഒരു തരി മണ്ണിൻ പുതുപുളകവുമായ്
മാനവനണയാനായർത്ഥിച്ചു
നീൾമിഴികളുമായ്, നീർമണികളുമായ്
അംബരകന്യകൾ ചുവടുകളോർത്തു
ശ്രീകോവിലുകളിലൊഴുകി നടന്നു
ശ്രീകരഗാനം, മോഹനരാഗം.

* * * * * *

[ഫലം അവരെക്കൂടി അത്ഭുതപ്പെടുത്തുന്നതായിരുന്നു. സർഗ്ഗചേതനയുടെ വിമാനത്തിലേറി "സ്വർഗ്ഗ"ത്തിലെത്താൻ, സൃഷ്ടിപടുവായ മനുഷ്യന്നു് അധികകാലമെടുക്കേണ്ടിവന്നില്ല.]

യാഗാഗ്നിയിൽനിന്നു ധൂമങ്ങൾ വായുവിൽ–
ചിത്രക്കുടകൾ നിവർത്തി,
കേട്ടവർ ദ്യോവിൻ കവാടത്തിലായ് മൃദു–
നിശ്വാസം, സ്പന്ദനം [കാറേറാ?]
ദ്യോവിൻ കവാടം തുറന്നവർ കണ്ടു [ഹാ,
മാനവൻ, ശില്പി പ്രവരൻ!]
വിണ്ണിൽ വെളിച്ചമടർന്നുവീണു, മണ്ണിൻ
കാലിൽ, വിളങ്ങീ ദിഗന്തം.